# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## സെന്റ്. തോമസ് ഹൈസ്കൂൾ പുള്ളിക്കാനം

| | |
|---|---|
| ഉപജില്ല | : പീരുമേട് |
| വിദ്യാഭ്യാസ ജില്ല | : കട്ടപ്പന |
| ജില്ല | : ഇടുക്കി |

# ഉള്ളടക്കം

1. ആമുഖം
2. കാഴ്ചപ്പാട്
3. പൊതുലക്ഷ്യങ്ങൾ
4. അക്കാദമിക പ്രവർത്തനങ്ങൾ
5. പാഠ്യേതര പ്രവർത്തനങ്ങൾ
6. പ്രവർത്തനവിശദാംശം
7. വാർഷിക കലണ്ടർ
8. ഉപസംഹാരം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 1. ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം വിദ്യാഭ്യാസമേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കി വരികയാണ്. വിദ്യാലയങ്ങളുടെ ഭൗതികസൗകര്യമുയർത്തുന്നതിനുള്ള പദ്ധതികൾ എല്ലാ മണ്ഡലത്തിലും ആരംഭിച്ചു. വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടുമാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാകൂ. ഇതിനുവേണ്ടിയാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഒരു വിദ്യാഭ്യാസസ്ഥാപനം ഭാവിയിൽ എങ്ങനെയായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണിത്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്, ആ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ലക്ഷ്യങ്ങൾ, ആ ലക്ഷ്യങ്ങൾ നേടുന്ന പ്രവർത്തന പദ്ധതികൾ എന്നിവ പ്രതിപാദിച്ചിരിക്കുന്നു.

## ചരിത്രം

ഇടുക്കി ജില്ലയിലെ കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ പീരുമേട് ഉപജില്ലയിൽപ്പെട്ടതും ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് പുള്ളിക്കാനം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായ സ്കൂളാണ് സെന്റ് തോമസ് ഹൈസ്ക്കൂൾ പുള്ളിക്കാനം. ഉളുപ്പൂണി, കോട്ടമല, നാരകക്കുഴി, ചോറ്റുപാറ, ഇടുക്കുപാറ, പഴയകാട് എന്നി പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെ എത്തുന്നത്. റവ.ഫാദർ ജോർജ് മാറാത്തിന്റെ അക്ഷീണ പരിശ്രമണത്തിന്റെ ഫലമായി പുള്ളിക്കാനം Tea Estate ഉടമ സംഭാവനയായി നൽകിയ സ്ഥലത്ത് 1976 മെയ് 23ന് St.Thomas U P S ആരംഭിച്ചു. 1984 മാർച്ച് മാസത്തിൽ U P S, High School ആയി Upgrade ചെയ്തു.

വിദ്യാലയം ആരംഭിക്കുന്ന കാലത്ത് ഗതാഗത വാർത്താവിനിമയ ഉപാധികളും , ജനങ്ങളുടെ സാമ്പത്തികസ്ഥിതിയും , കുട്ടികളുടെ സാമൂഹിക സംസ്കാരിക പശ്ചാത്തലവും വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. അതിനാൽ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസവും ജോലിയും ലഭിക്കുന്നതിനാവശ്യമായ അടിസ്ഥാന വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതായിരുന്നു വിദ്യാലയം സ്ഥാപിച്ചവർക്ക് അക്കാലത്തുണ്ടായിരുന്ന വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങൾ. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം നോക്കുമ്പോൾ സാമൂഹികമായും, സാമ്പത്തികമായും അല്പം ഉയർന്നിട്ടുണ്ട്. എങ്കിലും ശരാശരിയെക്കാൾ താഴ്ന്ന അവസ്ഥ തന്നെ. യാത്രാ സൗകര്യം ഉറപ്പാക്കാൻ സ്കൂൾ ബസ് സൗകര്യം ലഭ്യമാക്കി. കഴിഞ്ഞ 6

വർഷവും തുടർച്ചയായി 100% വിജയം കൈവരിക്കാൻ സാധിച്ചു. രാജീവ്ഗാന്ധി ഖേൽ അഭിയാൻ ആനുവൽ വിമൻസ് സ്പോർട്സ് കോംമ്പറ്റീഷനിൽ ഈ സ്കൂളിൽ നിന്നും ഫുട്ബോൾ ഇനത്തിൽ പെൺകുട്ടികളും ഹോക്കി ഇനത്തിൽ ആൺ കുട്ടികളും ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തെത്തുകയും സംസ്ഥാനതലത്തിൽ പങ്കെടുക്കകയുംചെയ്തു. സി.ആർ.സി ലവലിൽ ഏലപ്പാറ യു.പി.എസിൽവച്ച് നടത്തിയ ബാലശാസ്ത്രകോൺഗ്രസിൽ ഈ സ്കൂളിലെ കുട്ടികൾ ഒന്നം സ്ഥാനം നേടുകയുണ്ടായി. സ്കൗട്ട് ആന്റ് ഗൈഡിന്റെ രാജപുരസ്കാർ പരീക്ഷയിൽ 100 ശതമാനം വരെ വിജയം കൈവരിയ്ക്കാൻ കുട്ടികൾക്ക് സാധിക്കുന്നുണ്ട്. ഇവയൊക്കെ വിദ്യാലയം അടുത്തകാലത്ത് കൈവരിച്ച നിർണ്ണായകമായ നേട്ടങ്ങളാണ്.

2025 - 2026 അധ്യയന വർഷത്തിൽ ഈ സ്കൂളിൽ 130 കുട്ടികളും പ്രഥമ അധ്യാപകൻ ഉൾപ്പെടെ 10 അധ്യാപകരും 4 അനധ്യാപകരും ഉണ്ട്. വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ കുട്ടികൾ വിവിധ മേഖലകളിൽ ഉന്നത വിജയം കൈവരിച്ച് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ജോലി ചെയ്തു വരുന്നതിൽ ഏറെ അഭിമാനമുണ്ട്. എം.പി. ഫണ്ടിൽ നിന്നും സ്കൂളിന് ഒരു മഴവെള്ള സംഭരണിയും എം. എൽ. എ. ഫണ്ടിൽ നിന്നും ടോയ്ലറ്റ് സൗകര്യങ്ങളും ലഭിക്കുകയുണ്ടായി.

## അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| Sl. No | അദ്ധ്യാപകന്റെ പേര് | M/F | തസ്തിക/കാറ്റഗറി | യോഗ്യതസർവ്വീസ് ദൈർഘ്യം |
|---|---|---|---|---|
| 1 | സി. ബിന്ദുമോൾ കെ. ജെ | F | H.M | B.Sc, B.Ed |
| 2 | സി. ലിസി റ്റി വർഗ്ഗീസ് | F | H.S.T | B.A, B.Ed |
| 3 | സി. ദീപാ ജോർജ്ജ് | F | H.S.T | B.A, B.Ed |
| 4 | സി. പി.ജി ജാൻസി | F | H.S.T | B.A, B.Ed |
| 5 | ആശ. എ | F | H.S.T | BSc, B.Ed |
| 6 | സി. ബിസ്മി ജേക്കബ് | F | H.S.T | MSc, B.Ed |
| 7 | സി. സീതാമോൾ സിറിയക്ക് | F | U.P.S.T | B.A, B.Ed |
| 8 | ജൂലി ജോൺ | F | U.P.S.T | BSc , B.Ed |
| 9 | സൗമ്യമോൾ തോമസ് | F | U.P.S.T | M.A, B.Ed |
| 10 | ഉണ്ണിമേരി ജേക്കബ് | F | H.S.T | M.A, B.Ed |

### NUMBER OF STUDENTS FOR THE YEAR 2023-2024

| Category | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G |
| Number of Students | 13 | 7 | 14 | 10 | 13 | 11 | 6 | 8 | 11 | 9 | 10 | 8 | **67** | **53** |
| Total | 20 | | 24 | | 24 | | 14 | | 20 | | 18 | | **120** | |

### NUMBER OF STUDENTS FOR THE YEAR 2024-2025

| Category | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G |
| Number of Students | 9 | 14 | 12 | 10 | 12 | 11 | 12 | 10 | 7 | 9 | 9 | 9 | **61** | **63** |
| Total | 23 | | 22 | | 23 | | 22 | | 16 | | 18 | | **124** | |

### NUMBER OF STUDENTS FOR THE YEAR 2025-2026

| Category | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G |
| Number of Students | 11 | 8 | 14 | 14 | 12 | 10 | 13 | 9 | 12 | 11 | 6 | 11 | **68** | **63** |
| Total | 19 | | 28 | | 22 | | 22 | | 23 | | 17 | | **131** | |

PTA

സ്കൂളിന്റെ സർവ്വതോന്മുഖമായ വികസനത്തിനായി അക്ഷീണം യത്നിക്കുന്ന PTA സ്കൂളിന് ഒരു അനുഗ്രഹമാണ്. നാളിതുവരെയുള്ള സ്കൂൾ ചരിത്രത്തിലേയ്ക്ക് നോക്കുമ്പോൾ പകലത്തെ കൂലിപ്പണിയ്ക്കുശേഷം രാപകൽ അദ്ധ്വാനിച്ച് കല്ല് ചുമന്നവരും, മണ്ണ് മാറ്റിയവരും, വെള്ളംകോരിയവരും, കൂലി ഇല്ലാതെ ഇവ ചെയ്തപ്പോഴും വരും തലമുറയുടെ ഭാവിയെ മുന്നിൽ കണ്ടവരും ആയിരുന്നു ഇവിടുത്തെ പൂർവികർ. ഈ സ്കൂളിന്റെ വളർച്ചയ്ക്കായി അദ്ധ്വാനിച്ചവർ തങ്ങളുടെ കുട്ടികളുടെ ഉപരിപഠനം, യാത്രാസൗകര്യം, ഹോസ്പിറ്റലുകൾ എന്നിങ്ങനെയുള്ള

സൗകര്യങ്ങൾക്ക് വേണ്ടി ഈ പ്രദേശത്തുനിന്ന് സ്ഥലം മാറി പോവുകയുണ്ടായി. തോട്ടം മേഖലയിലെ കുട്ടികളാണ് ഇപ്പോൾ ഏറെയും. എസ്റ്റേറ്റ് അടച്ച് പൂട്ടിയ കാലത്ത് ഏറെ കുടുംബങ്ങൾ ഇവിടം വിട്ട് പോയി. നിലവിലുള്ള മാതാപിതാക്കൾ സാമ്പത്തികമായും മുന്നിട്ട് നിൽക്കുന്നവരല്ലെങ്കിലും തങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് സ്കൂൾ പുരോഗതിയ്ക്കായി പ്രയത്നിക്കുന്നവരാണ്. അക്കാദമിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ ഒരോ മേഖലയും പരീക്ഷകൾക്കു ശേഷം PTA Meeting കൂടുകയും മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ

തന്നെ കുട്ടികളുടെ പഠനപുരോഗതിയും തുടർപ്രവർത്തനങ്ങൾ വിലയിരുത്തുകയും ഇതിനായി Teachers, Parents & Students ചെയ്യേണ്ടവ ചർച്ച ചെയ്ത് നവമായ തീരുമാനം എടുക്കുകയും ചെയ്യുന്നു. സ്കൂൾ അഭിമുഖീകരിക്കുന്ന നിർണ്ണായകപ്രശ്നങ്ങൾ പ്രത്യേകിച്ച് കുട്ടികളിടെ സ്വഭാവ വൈകല്യങ്ങളിൽ മാതാപിതാക്കളുമായി തന്നെ ചർച്ചകൾ നടത്തുന്നതിനു PTA എപ്പോഴും സന്നദ്ധമാണ്.

## MPTA

സ്കൂളിൽ ഉച്ചഭക്ഷണപരിപാടിയുടെ ഭാഗമായി ഭക്ഷണം പാകം ചെയ്യാനും കുട്ടികളോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കാനും സന്നദ്ധമായ MPTA അംഗങ്ങൾ ഓണം, സ്കൂൾവാർഷികം മുതലായ അവസരത്തിൽ തങ്ങളുടെ സഹകരണം ഉറപ്പാക്കുന്നു.

## ഉച്ചഭക്ഷണ പരിപാടി

കുട്ടികളുടെ ശരീരത്തിന് പോഷണം നൽകാൻ പര്യപ്തമായ പച്ചക്കറികളും, മുട്ടയും, ഇലക്കറികളും ഉൾകൊള്ളിച്ചുള്ളതാണ് ഇവിടുത്തെ ഉച്ചഭക്ഷണം. വൃത്തിയുള്ള അടുക്കളയും പരിസരവും ശുചിത്തബോധം ഉളവാക്കുന്നതാണ് . ബഹു. H M ഉം Teachers ഉം Non Teaching staffഉം ഇവിടെ നിന്നാണ് ഭക്ഷണം കഴിക്കുന്നത് . ഇവിടെ എത്തുന്ന BRC Trainers നും മറ്റ് ഓഫിസ്സേഴ്സിനും ഉച്ചഭക്ഷണത്തെ സംബന്ധിച്ച് നല്ല അഭിപ്രായമാണ് ഉള്ളത്.

## ലാബ്

യുപി. ഹൈസ്കൂൾ എന്നി വിഭാഗങ്ങളെ ICT സാധ്യത ഉപയോഗിച്ച് ക്ലാസ് പഠനപ്രവർത്തനങ്ങൾ സജീവമാക്കുകയും ലാബ് കേന്ദ്രീകൃതമായി ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങളെല്ലാം ചെയ്ത് കുട്ടികളിൽ ശാസ്ത്രീയ അഭിരുചി വളർത്താൻ പരിശ്രമിക്കുകയും ചെയ്യുന്നു.

## ലൈബ്രറി

കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യമാക്കി അവരുടെ വൈജ്ഞാനിക മേഖലയെ പ്രബുദ്ധമാക്കാൻ 3000 ത്തോളം പുസ്തകങ്ങളുടെ ശേഖരണമാണ് സെന്റ്. തോമസ് ഹൈസ്കൂളിന് കൈമുതലായി ഉള്ളത്. DC School of management 2002 ലെ Batch വിദ്യാർത്ഥിയും ആ കാലഘട്ടത്തിലെ free tution, free computer study എന്നിവയ്ക്ക് നേതൃത്വം നൽകി അകാലത്തിൽ മരണമടഞ്ഞ അരുൺ മാത്യുവിന്റെ ഓർമ്മയ്ക്കായി Family ഉം School Management ഉം സംയുക്തമായി Arun Mathew Memorial ആയി സെന്റ്. തോമസ്

ഹൈസ്കൂളിന് ബൃഹത്തായ ഒരു ലൈബ്രറി സംഭാവന ചെയ്തു. അധിക വായനയ്ക്കും പരിചിന്തനത്തിനും ഉപകരിക്കുന്ന നിരവധി പുസ്തകങ്ങളുടെ കലവറയാണിത്. മാസത്തിൽ എല്ലാ കുട്ടികൾക്കും പുസ്തകം ലഭിക്കത്തക്കവിധത്തിലുള്ള വിതരണക്രമീകരണമാണ് ഇവിടെ ചെയ്യുന്നത്. വായനയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലുവാൻ പര്യാപ്തമായ വിധം വായനക്കുറിപ്പ് തയ്യാറാക്കുന്നു. അതിന് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. യു.പി വിഭാഗം കുട്ടികൾ കൃത്യമായി തയ്യാറക്കുന്നു. വായനക്കുറിപ്പുകൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു. വായനവാരത്തോടനുബന്ധിച്ച് സാഹിത്യകാരന്മാരെ പരിചയപ്പെടൽ

അവരുടെ ജിവിതചരിത്രം, കഥകൾ, കവിതകൾ, അവയുടെ അസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. മനുഷ്യമഹത്വത്തെ ഉയർത്തുന്ന നല്ല ചിന്തകൾക്ക് രൂപം നൽകാൻ കുട്ടികൾക്ക് സാധിക്കുന്നു. ഒരേ ഗ്രന്ഥകർത്താക്കളുടെ കൃതികളെ സമാഹരിച്ച് പ്രദർശിപ്പിക്കാൻ സാധിച്ചു. അതോടൊപ്പം വായനയുടെ മഹത്വം ഉയർത്തികാട്ടാൻ പ്രചോദനമേകുന്ന പോസ്റ്റർ നിർമ്മാണം, പ്ലാകാർഡുകളുടെ നിർമാണം, ചെറുകുറിപ്പ് തയ്യാറാക്കൽ എന്നി പ്രവർത്തനങ്ങൾ ചെയ്യുന്നു.

## കുടിവെള്ളം

പച്ചപ്പട്ട് വിരിച്ച പ്രകൃതിരമണിയമായ പ്രദേശമാണ് ഏലപ്പാറ പഞ്ചായത്തിന് കീഴിലുള്ള പുള്ളിക്കാനം എന്ന ഗ്രാമം. ഗ്രാമജീവിതത്തിന്റെ പരിശുദ്ധിയും ശാന്തതയും മാലിന്യവിമുക്തമായ പരിസരവും ഇവിടേയ്ക്ക് അനേകരെ അടുപ്പിക്കുന്നു. പുരോഗതിയുടെ വേഷമണിഞ്ഞ റിസോർട്ടുകളും ഗതാഗതവാർത്തവിനിമയ സാധ്യതയും ഈ നാടിനെ പുരോഗതിയിലേയ്ക്ക്

എത്തിക്കുന്നു. ഈ നാടിന് ജലസുലഭം എന്നതിനേക്കാൾ കാലവർഷത്തെ ആശ്രയിക്കുന്ന ജലലഭ്യതയാണ് ഉള്ളത്. ശക്തമായ ചൂടിനാൽ വറ്റിവരളുന്ന അരുവികളും തോടുകളും ഈ നാടിന്റെ പ്രത്യേകതയാണ്.സെന്റ്. തോമസ് ഹൈസ്കൂൾ സംബന്ധിച്ചിടത്തോളം ഒരു അധ്യയന വർഷം വലിയ ബുദ്ധിമുട്ട് ഇല്ലാതെ ഉപയോഗിക്കാൻ ഉള്ള ജലം മഴവെള്ള സംഭരണിയിലും

കിണറിൽ നിന്നും ലഭിക്കുന്നു.

## സ്കൂൾ സൗകര്യം

ഏലപ്പാറ പഞ്ചായത്തിലെ ഒന്നാം വാർഡിലാണ് സെന്റ്. തോമസ് ഹൈസ്കൂൾ സ്ഥാപിതമായിരിക്കുക. വർഷങ്ങളായി കെ.എസ്.ആർ.ടി.സി വണ്ടിയെ ആശ്രയിച്ചിരുന്ന കുട്ടികൾക്ക് കൂടുതൽ സുരക്ഷിതത്വവും സമയനിഷ്ഠയും ഉറപ്പുവരുത്തുവാനായി സ്കൂൾ മനേജ്മെന്റ് സ്കൂൾ ബസ്സ് പ്രദാനം ചെയ്തു.

ശുദ്ധമായ ജലം കുടിക്കാനും പാത്രങ്ങൾ കഴുകാനുമായി ജലം ഇവിടെ ലഭ്യമാണ്. കൂടാതെ ഇടവേളയ്ക്ക് ചൂടുവെള്ളം, കഞ്ഞിവെള്ളം, എന്നിവ ലഭ്യമാക്കുന്നു. വൃത്തിയും വെടുപ്പും ഉള്ള അടുക്കളയും പരിസരവുമാണ് ഇവിടെയുള്ളത്.

## ഈ സ്കൂളിന്റെ പ്രത്യേകത

തേയിലതോട്ടം തൊഴിലാളികൾ അധിവസിക്കുന്ന പുള്ളിക്കനം എസ്റ്റേറ്റിന്റെ ഭാഗമായ ഇവിടെ അധികം കുടുംബങ്ങളും താമസിക്കുന്നത് ലയങ്ങളിലാണ്. സംസ്കാരികമായി പിന്നോക്കവസ്ഥയിലായിരുന്ന ഈ ഗ്രാമപ്രദേശത്ത് പുതിയ തലമുറയിലെ വലിയൊരുപങ്കും ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസം നേടിയെടുക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമായ ജോലികളിൽ ഏർപ്പെടുകയും ചെയ്യുന്നു. പക്ഷേ സാമ്പത്തിക നിലവാരവും ജീവിതനിലവാരവും വർദ്ധിക്കുന്നതിന് അനുസൃതമായി ഈ ഗ്രാമപ്രദേശത്ത് നിന്ന് സ്ഥലംമാറിപോകാൻ ഉള്ള പ്രവണത കൂടി വരുന്നു. അതിനാൽ കുട്ടികളുടെ എണ്ണം കുറയുന്നതിനും പുരോഗതിയ്ക്ക് മങ്ങൽ വരുവാനും കാരണമാകുന്നു. പരിമിതമായ സാഹചര്യത്തിലും അദ്ധ്യാപകരുടെ കഠിനാധ്വാനത്തിലും PTA യുടെ സജീവമായ പങ്കാളിത്തിലും 100% വിജയം കൈവരിക്കാൻ സ്കൂളിന് സാധിച്ചു. രാവിലെ 9 മുതൽ 9.30 വരെയും 3.30 മുതൽ 4.30 വരെയും SSLC കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകുന്നു Lap Top, Computer എന്നിവയുടെ അഭാവം, ICT പഠനസാധ്യതയെ പരിമിതപ്പെടുത്തുന്നു. നിലവിലുള്ളവയുടെ Maintenance സ്കൂൾമനേജ്മെന്റ് വഹിക്കുന്നു. PTA യുടെ സഹകരണം എപ്പോഴും ഉണ്ടെങ്കില്ലും സാമ്പത്തിക പിന്നോക്കവസ്ഥനിലനിൽക്കുന്ന ഈ പ്രദേശത്ത് സ്കൂൾ വികസനത്തിനായ് മുന്നോട്ട് വരാൻ അവർ പ്രാപ്തരാല്ല. ഉന്നതപഠനം കൈവരിച്ചവർ ഇതര

സംസ്ഥാനങ്ങളിലേയ്ക്ക് ജോലിയ്ക്കായി പോകുന്നതും വിദേശത്തേയ്ക്കു പോവുകയും അവിടെ സ്ഥിരതാമസം ആക്കുകയും ചെയ്യുന്നതും ഈ പ്രദേശത്തെ പുരോഗതിയെ കാര്യമായി തടസ്സപ്പെടുത്തുന്നു.

## 2. കാഴ്ചപ്പാട്

വരും കാലങ്ങളിൽ ശരിയായ ദിശാബോധം നൽകുന്ന, മൂല്യാധിഷ്ഠിതവും മാനവികതയുടെ വിളനിലവുമായ ഒരു സ്ഥാപനമായി ഈ സ്കൂൾ നിലകൊള്ളും. മണ്ണ്, വായു, ജലം, ഭക്ഷണം, എന്നി അടിസ്ഥാന ആവശ്യങ്ങളുടെ സുസ്ഥിരമായ ലഭ്യതയാണ് ജീവൻ നിലനിർത്തുന്നത്. ഈ വസ്തുത കുട്ടികളിൽ ആഴപ്പെടുത്തുന്ന രീതിയിൽ ജൈവവൈവിധ്യ പാർക്ക് ഉണ്ടാക്കി

സ്വാഭാവിക വനവും ജന്തുജാലങ്ങളും നിറഞ്ഞ ഹരിതാഭമായ പ്രദേശമായിരിക്കും സ്കൂളിന്റെ ചുറ്റുപാടുകൾ.

പ്രദേശിക വികസന ഫണ്ടിന്റെയും M.L.A , M.P ഫണ്ടിന്റെയും പി.റ്റി.എ യുടെയും സഹകരണത്തോടെ ലാബിന്റെയും ലൈബ്രറിയുടെയും പുനരുദ്ധാരണം നടത്തും. ഉത്തമ പൗരന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, ഡ്രോയിംഗ് പരിശീലനം, പ്രവർത്തിപരിചയം, കലാകായിക പരിശീലനം എന്നിവയ്ക്ക് മുൻഗണന നൽകുന്ന സ്ഥാപനമായിരിക്കും ഈ സ്കൂൾ.

## 3. പൊതു ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം......) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## 4. അക്കാദമിക പ്രവർത്തനങ്ങൾ

**ഭാഷാവികസനം**

- ഭാഷാ വിഷയങ്ങൾ അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി വായനയുടെ മൂല്യനിർണ്ണയം നടത്തുന്നു.
- ഭാഷാ വിഷയങ്ങൾ അർത്ഥപൂർണ്ണമായി എഴുതുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഉപന്യാസം, കഥ, കവിത എന്നിവ രചിക്കുന്നു.
- സർഗ്ഗാത്മക രചനകൾക്ക് അവസരം നൽകുന്നു. നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.
- ആശയങ്ങൾ (കഥ, കവിത, കാർട്ടൂൺ, ചെറുകഥ) ആവിഷ്ക്കരിക്കാനുള്ള കഴിവ് നേടുന്നു.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നു.

### പ്രവർത്തനങ്ങൾ

**ഹ്രസ്വകാലം**

അർത്ഥപൂർണമായ വായന

- പ്രതിദിന പത്ര വായന : ഹാജർ എടുത്തശേഷം അന്നത്തെ പത്രം കുട്ടികൾ വായിക്കുന്നു.
- ഉച്ചാരണശുദ്ധി, വായിക്കാൻ പരിശീലിക്കൽ ഇവയ്ക്ക് അവസരം നല്കുന്നു.
- ലൈബ്രറി പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു. വായനമൂലയിൽ കുട്ടിയുടെ നിലവാരം അനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാകുന്നു.
- ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ വായിക്കുന്നതിനും കേൾക്കുന്നതിനും ഉച്ചാരണശുദ്ധി കൈവരിക്കുന്നതിനും ആവശ്യമായ അവസരങ്ങൾ നൽകുന്നു.
- ഇംഗ്ലീഷ്, ഹിന്ദി, മലയാളം പാഠഭാഗങ്ങൾ നാടക രൂപത്തിലും മറ്റ് കലാരൂപത്തിലും അവതരിപ്പി ക്കുന്നു.
- ഭാഷ വിഷയങ്ങളുടെ പതിപ്പുകൾ തയ്യാറാക്കുന്നു. ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

**ഗണിതം**

- പഠനപ്രക്രിയയുമായി ബന്ധപ്പെട്ട Models ഉണ്ടാക്കി കുട്ടികളെ കാണിച്ചു കൊണ്ടുള്ള ബോധനം.
- ICT സാധ്യത ഉപയോഗിച്ചുകൊണ്ടുള്ള ബോധനം.

**ശാസ്ത്രം**

- പാഠപുസ്തകത്തിലെ പരീക്ഷണങ്ങൾ Class/ Lab ൽ ചെയ്ത് കുട്ടികൾക്ക് നിരീക്ഷണത്തിനും നിഗമനത്തിൽ എത്തിച്ചേരുന്നതിനും അവസരം നൽകി പഠനം രസകരമാക്കാനും ശാസ്ത്രാഭിമുഖ്യം വളർത്താനും പരിശ്രമിക്കുന്നു.

- ശാസ്ത്ര ക്ലബുകൾ നടത്തുന്നു.

ICT സാധ്യത ഉപയോഗിച്ചുകൊണ്ടുള്ള ബോധനം.

**സാമൂഹ്യശാസ്ത്രം**

- ലാബിൽ ഗ്ലോബ്, ഭൂപടം, അറ്റ്ലസ് ect... ഉപയോഗപ്പെടുത്തി പഠനം രസകരമാക്കുകയും വിഷയത്തോട് ആഭിമുഖ്യം ഉള്ളവരാക്കുകയും ചെയ്യുന്നു.
- ഗണിത ശാസ്ത്രം, സമൂഹ്യശാസ്ത്രം എന്നി വിഷയങ്ങൾക്ക് ലഭ്യമായ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

**മധ്യമകാലം**

- പാഠ്യപഠ്യേതര വിഷയങ്ങളിൽ കുട്ടികളുടെ പുരോഗതി വിലയിരുത്താൻ C.E, T.E, എന്നിവ പ്രയോജനപ്പെടുത്തുന്നു
- ശാസ്ത്ര പ്രദർശനം, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുന്നു.
- പാഠ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.
- ICT സാധ്യത പ്രയോജനപ്പെടുത്തി വിവിധ ക്ലബുകളുടെ അടിസ്ഥാനത്തിൽ Project കൾ, സെമിനാർ എന്നിവ അവതരിപ്പിക്കുന്നു. ( Eco Club, Science Club)
- കലാകായിക രംഗങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽക്കുകയും അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്നു.

**ദീർഘകാലം**

**ശാസ്ത്രം**

- നവപ്രഭയ്ക്ക് സമാനമായ സിലബസ് UP, HS തലങ്ങളിൽ തയ്യാറാക്കി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന പുരോഗതി കൈ വരുത്തുക.

**സാമൂഹ്യശാസ്ത്രം**

- ക്ലാസ്സ് അടിസ്ഥാനത്തിൽ അറ്റ്ലസ് നിർമ്മാണം
- JRC, Scout & Guides എന്നിവയിലൂടെ കുട്ടികൾക്ക് പൗരബോധം ദേശസ്നേഹം, സേവന തല്പരത, നേതൃത്വവാസന എന്നിവ വളർത്താൻ അവസരം ഒരുക്കുന്നു.
- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം എന്നിവയിൽ പ്രായത്തിനും കഴിവിനും അനുസൃത മായി അറിവ് നേടുന്നു.

### ഭൗതികസൗകര്യവികസന ആസൂത്രണരേഖ

- Lap Top, Computer, Smart Classroom, എന്നിവ പ്രായോഗികമാകാൻ M.L.A Fund ലഭിക്കാൻ സാഹചര്യം ഒരുക്കുന്നു.

- കാലവർഷങ്ങളിൽ ക്ലാസുകളിൽ വെളിച്ചം ലഭിക്കാൻ സോളാർ പാനൽ സ്ഥാപിക്കുന്നു. ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നൽകുന്നു.

### സമൂഹ്യബന്ധ ആസൂത്രണ രേഖ

- രക്ഷാകർത്തൃസമിതി, ക്ലാസ്സ് പി.ടി.എ പൂർവ്വവിദ്യാർത്ഥി സംഘടന, സ്കൂൾ വികസന സമിതി എന്നിവ സജീവമാക്കുന്നു. (പ്രവേശനോത്സവം, സേവനവാരം, സ്കൂളിന്റെ ഇതര പ്രവർത്തനങ്ങൾ etc.....)

### പ്രത്യേക പരിപാടികൾ

- പഠനത്തിൽ പിന്നോക്കം നില്ക്കുന്നവർക്ക് രാവിലെ 8.45 മുതൽ 9.30 വരെയും വൈകുന്നേരം 3.30 മുതൽ 4.30 വരെയും പ്രത്യേക പരിശീലനം നൽക്കുന്നു.
- സ്പോർട്സിൽ മികവ് കാണിക്കുന്ന കുട്ടികൾക്കായി ഫുട്ബോൾ, ഹോക്കി, കബഡി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു.
- സമസംഘം രൂപികരിച്ച് പിന്നോക്ക അവസ്ഥയിലുള്ളവരുടെ പഠന നിലവാരം ഉയർത്തുന്നു.
- പാഠ്യേതരപ്രവർത്തനങ്ങളായ ചെണ്ട ,ഡാൻസ് എന്നിവയുടെ പരിശീലനവും നൽകിവരുന്നു.

### മേഖല: അക്കാദമികം: മലയാളം

ലക്ഷ്യങ്ങൾ

1. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ മലയാളഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

2. മലയാളഭാഷയിൽ സവിശേഷവൈഭവമുള്ള പ്രതിഭകളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

3. ശരിയായ ഉച്ചാരണത്തോടെ മലയാളം സംസാരിക്കുവാനും കേട്ട് എഴുതുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

4. മലയാളഭാഷയിൽ മികച്ച വായനാശീലം വികസിപ്പിക്കുക.

5. മലയാളഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

6. കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ രചിക്കാനും അവതരിപ്പിക്കാനും പ്രാപ്തരാക്കുക.

## മേഖല: അക്കാദമികം: ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

1. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

2. ഇംഗ്ലീഷ് ഭാഷയിൽ സവിശേഷവൈഭവമുള്ള പ്രതിഭകളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

3. ശരിയായ ഉച്ചാരണത്തോടെ ഇംഗ്ലീഷ് സംസാരിക്കുവാനും കേട്ട് എഴുതുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

4. ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

5. ഇംഗ്ലീഷ് ഭാഷയിൽ മികച്ച വായനാശീലം വികസിപ്പിക്കുക

6. കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ ഇംഗ്ലീഷ് ഭാഷയിൽ രചിക്കാനും അവതരിപ്പിക്കാനും പ്രാപ്തരാക്കുക.

7. പഠനപ്രവർത്തനവുമായി ബന്ധപ്പെട്ടുവരുന്ന വിഷയങ്ങളെ ആസ്പദമാക്കി ഓർമ്മക്കുറിപ്പ്, നോട്ടീസ്, ഫോൺസംഭാഷണം, ഇന്റർവ്യൂ, ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കാൻ പ്രാപ്തരാകുക

8. കഥ, കവിത, ലേഖനങ്ങൾ എന്നിവ വായിക്കാനും വിശകലനം ചെയ്യാനും പ്രാപ്തരാകുക.

## മേഖല: അക്കാദമികം: ഹിന്ദി

ലക്ഷ്യങ്ങൾ

1. ഹിന്ദി ഭാഷയിൽ സവിശേഷവൈഭവമുള്ള പ്രതിഭകളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ ഹിന്ദി ഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

3. ഉച്ചാരണ ശുദ്ധിയോടെ ഹിന്ദി സംസാരിക്കുവാനും കേട്ട് മനസിലാക്കുവാനും എഴുതുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

4. ഹിന്ദി ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

5. രാഷ്ട്രഭാഷയെന്ന നിലയിൽ ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടുക.

6. ഹിന്ദി ഭാഷയിൽ മികച്ച വായനാശീലം വികസിപ്പിക്കുക

7. കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ ഹിന്ദി ഭാഷയിൽ രചിക്കാനും അവതരിപ്പിക്കാനും പ്രാപ്തരാക്കുക.

## മേഖല: അക്കാദമികം: ശാസ്ത്രം

ലക്ഷ്യങ്ങൾ

1. ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോടുള്ള ആദരവ് വ്യക്തിതലത്തിലും സാമൂഹിക തലത്തിലും ആർജ്ജിച്ചെടുക്കൽ.
2. വിവിധ പഠനപ്രവർത്തനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും നടക്കുന്ന പഠനവും വിലയിരുത്തലും.
3. ശാസ്ത്രത്തിന് ദൈനംദിന ജീവിതവുമായുള്ള ബന്ധം മനസിലാക്കുന്നു.
4. ശാസ്ത്രത്തിൽ പ്രത്യേക വൈഭവമുള്ള പ്രതിഭകളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
5. വ്യക്തി ശുചിത്വം സാമൂഹിക ശുചിത്വം എന്നിവ പാലിച്ചുകൊണ്ട് ശാരീരിക മാനസിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക
6. ശാസ്ത്രനേട്ടങ്ങൾ സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുവാനും ശാസ്ത്രാഭിമുഖ്യം വളർത്തുവാനും കുട്ടികളെ പ്രാപ്തരാക്കുക.
7. കുട്ടികളിൽ ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിച്ച് ചുറ്റുപാടുകളെ നിരീക്ഷിക്കുവാനും വ്യാഖ്യാനിക്കുവാനും പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുവാനും കുട്ടികളെ പ്രാപ്തരാക്കുക.
8. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ സയൻസ് പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
9. ശസ്ത്രപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അടിസ്ഥാനശാസ്ത്രത്തിൽ മികവുള്ളവരാക്കുക.

4. ഹിന്ദി ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

5. രാഷ്ട്രഭാഷയെന്ന നിലയിൽ ഹിന്ദി ഭാഷയിൽ പ്രാവിണ്യം നേടുക.

6. ഹിന്ദി ഭാഷയിൽ മികച്ച വായനാശീലം വികസിപ്പിക്കുക

7. കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ ഹിന്ദി ഭാഷയിൽ രചിക്കാനും അവതരിപ്പിക്കാനും പ്രാപ്തരാക്കുക.

## മേഖല: അക്കാദമികം: ശാസ്ത്രം

ലക്ഷ്യങ്ങൾ

1. ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോടുള്ള ആദരവ് വ്യക്തിതലത്തിലും സാമൂഹിക തലത്തിലും ആർജ്ജിച്ചെടുക്കൽ.
2. വിവിധ പഠനപ്രവർത്തനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും നടക്കുന്ന പഠനവും വിലയിരുത്തലും.
3. ശാസ്ത്രത്തിന് ദൈനംദിന ജീവിതവുമായുള്ള ബന്ധം മനസിലാക്കുന്നു.
4. ശാസ്ത്രത്തിൽ പ്രത്യേക വൈഭവമുള്ള പ്രതിഭകളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
5. വ്യക്തി ശുചിത്വം സാമൂഹിക കുചിത്വം എന്നിവ പാലിച്ചുകൊണ്ട് ശാരിരിക മാനസിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക
6. ശാസ്ത്രനേട്ടങ്ങൾ സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുവാനും ശാസ്ത്രാഭിമുഖ്യ വളർത്തുവാനും കുട്ടികളെ പ്രാപ്തരാക്കുക.
7. കുട്ടികളിൽ ജിജ്ഞാസ നരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിച്ച് ചുറ്റുപാടുകളെ നിരീക്ഷിക്കുവാനും വ്യാഖ്യാനിക്കുവാനും പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുവാനും കുട്ടികളെ പ്രാപ്തരാക്കുക.
8. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ സയൻസ് പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
9. ശസ്ത്രപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അടിസ്ഥാനശാസ്ത്രത്തിൽ മികവുള്ളവരാക്കുക.

**മേഖല : അക്കാദമികം ; ഗണിതശാസ്ത്രം**

ലക്ഷ്യങ്ങൾ :

1. സംഖ്യാ വൈചിത്ര്യങ്ങളിലൂടെ കുട്ടികളിൽ ഗണിതത്തെക്കുറിച്ച് കൗതുകമുണർത്തുക.
2. ഗണിത ശാസ്ത്രത്തിൽ താല്പര്യം വളർത്തുക.
3. സംഖ്യാശേഷികൾ പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്തുക.
4. വിവിധതരം ജ്യാമിതിയ രൂപങ്ങൾ നിർമിച്ച് അവയുടെ ചേർച്ചയിലെ സൗന്ദര്യം ആസ്വാദിക്കുക.
5. സൂക്ഷ്മമായും കൃത്യമായും അളക്കുന്നതിനും വരയ്ക്കുന്നതിനും കഴിവു നേടുന്നക.
6. ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ അറിയുന്നതുവഴി ഗണിതപഠനം കൂടുതൽ താല്പര്യമുള്ളതാക്കുന്നു.
7. പ്രശ്നാപഗ്രഥനത്തിനുള്ള കഴിവുനേടുന്നു.
8. യുക്തിചിന്ത വളർത്തുന്നു.
9. ലളിതമായ വിവരങ്ങളെ ചിത്രങ്ങളായും പട്ടികയായും അവതരിപ്പിക്കാൻ കഴിവുനേടുന്നു.
10. കരിക്കുലം ലക്ഷ്യവയ്ക്കുന്ന എല്ലാ ഗണിത പഠനനേട്ടങ്ങളും എല്ലാകുട്ടികളും ആർജ്ജിക്കുന്നു.
11. ഗണിതത്തിൽ സവിശേഷവൈഭവമുള്ള പ്രതിഭകളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

**മേഖല: : അക്കാദമികം ; സോഷ്യൽ സയൻസ്**

1. ജനാധിപത്യബോധം, മതനിരപേക്ഷത, ദേശീയബോധം, സഹകരണമനോഭാവം, സഹിഷ്ണുത, സംഘബോധം തുടങ്ങിയ മൂല്യങ്ങൾ വളത്തുക.
2. പ്രകൃതിപ്രതിഭാസങ്ങൾ, മനുഷ്യജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുന്നതിനും മനുഷ്യന്റെ ഇടപെടലുകൾ ഭൗമപരിസ്ഥിതിയിൽ വരുത്തുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് മനസിലാക്കുന്നതിനും പ്രാപ്തരാക്കുന്നു.
3. ഭൂമിശാസ്ത്രപഠനത്തിലൂടെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു.
4. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവാന്മാരാവുക.
5. മനുഷ്യാവകാശങ്ങൾ, കട്ടികളുടെ അവകാശങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു.
6. നിയമസാക്ഷരത, സൈബർകുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അറിവ് , മാധ്യമ അവബോധം എന്നിവ വളർത്തുക.

7. കരിക്കുലം ലക്ഷ്യംവയ്ക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാകുട്ടികളും ആർജ്ജിക്കുക.
8. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനട്ടേങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
9. ഓരോഘട്ടത്തിലും കുട്ടികൾ ആർജ്ജിക്കേണ്ട സാമൂഹ്യശാസ്ത്ര അറിവുകൾ നേടാൻ പ്രാപ്തരാക്കുക.

## ജൈവ വൈവിധ്യ ഉദ്യാനം

ജൈവവൈവിധ്യ പാർക്കിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട വാർഡ് മെമ്പർ ശ്രീ കറുപ്പസ്വാമി അവറുകൾ നിർവഹിച്ചു. ഒരോ കുട്ടിയും ഒരോ മാവിൻ തൈ കൊണ്ടു വരികയും പ്രസ്തുത സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ ഏവർക്കും തൈകൾ

വിതരണം ചെയ്യുകയും ചെയ്തു. വീട്ടിലെ കൃഷിയിടത്തിൽ വിവിധ തൈകൾ നടുകയും നനയ്ക്കുകയും പരിചരണകുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. വിവിധയിനം റോസ്,

ചെത്തി, ചിനിതൈ, എന്നിവ കുട്ടികൾ ശേഖരിക്കുകയും പരിചരിക്കുകയും ചെയ്തുവരുന്നു.

### ഔഷധതോട്ടം

- പനികൂർക്ക , കറിവേപ്പ്
- തുളസി , കയ്യൂന്നി
- കറ്റാർവാഴ , മുല്ല
- അരുത , മാതളം
- ആടലോടകം , ബ്രഹ്മി
- നെല്ലി , കച്ചോലം
- ഇഞ്ചി , പുതിന
- മഞ്ഞൾ ,പേര , ചുമക്കൂർക്ക

### ശലഭോദ്യാനം

1. റോസ് പല നിറത്തിലുള്ളവ
2. റ്റിറോസ് : വെള്ള, ചുവപ്പ്
3. ഗ്ലാഡിയോലസ് , 4. ജമന്തി
5 ചെത്തി , 6 . ഡാലിയ 7. ഹൈഡ്രാൻജിയ
8 . കണിക്കൊന്ന , 9. ബൊഗൈൻവില്ല,
10. ആന്തൂറിയം , 11. മുല്ല , 12. പൂമരുത്
12. മെറിഗോൾഡ് , 13 . സൈക്കസ്

14 പൗഡർ പഫ്സ് , 15 ബട്ടർഫ്ലൈ
16 മന്ദാരം , 17 . വാക ,18. ചന്ദനം 19 . ക്രിസാന്തം
20 പൂമരങ്ങൾ 21. സൈപ്രസ് 22 . ഓർക്കിഡ്

## ജൈവവൈവിധ്യ പാർക്കിന്റെ വിപുലീകരണം

ജൈവവൈവിധ്യ പാർക്കിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ഓരോ പ്രദേശവുമായി ബന്ധപ്പെട്ട ചെടികൾ , ഔഷധചെടികൾ, എന്നിവ കണ്ടെത്തി വളർത്തുന്നു.
ചിത്രശലഭങ്ങളെ ആകർഷിക്കുന്ന അരുളിപോലുള്ള ചെടികൾ നടുന്നു.
പക്ഷികളെ ആകർഷിക്കാൻ ഇല്ലികൾ നട്ടുവളർത്തുന്നു. പൂന്തോട്ടത്തോടനുബന്ധിച്ച് കാവ് രൂപീകരിക്കുന്നു.

## ജൈവ വേലികൾ

പൂന്തോട്ടം , ഔഷധതോട്ടം , പച്ചക്കറി എന്നിവ വേർതിരിക്കാൻ ചെമ്പരത്തിവേലികൾ, കൊന്നയുടെ വേലികൾ എന്നിവ നിർമ്മിക്കുന്നു.

## ആവാസ വ്യവസ്ഥകൾ

പഞ്ചായത്ത് തലത്തിൽ ഉള്ള MLA ഫണ്ട് ഉപയോഗിച്ച് ചെറുകുളം നിർമ്മിച്ച് കുട്ടികളുടെ സഹകരണത്തോടെ മത്സ്യങ്ങൾ, പായൽ , ആമ്പൽ എന്നിവ ശേഖരിച്ച് ആവാസവ്യവസ്ഥ ഒരുക്കുന്നു.

## കൃഷി

വരും തലമുറയിൽ കാർഷികമേഖലയോട് മതിപ്പും മണ്ണിൽ അധ്വാനിച്ച് ജീവിതശൈലി രോഗങ്ങളെ നിർമാർജനം ചെയ്യാനും കുട്ടികളെ പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പഠനത്തോടൊപ്പം കൃഷിത്തോട്ട നിർമ്മാണത്തിനും സമയം കണ്ടെത്തുന്നു.

എലക്കാ പഞ്ചായത്തിലെ കൃഷിഭവൻ ഓഫീസറും അവാർഡ് ജേതാവുമായ ശ്രീ മോഹൻ സാർ കൃഷിത്തോട്ട നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിൽ കുട്ടികൾക്കും മാതാപിതാക്കൾക്കും ക്ലാസ് എടുക്കുകയും കൃഷിത്തോട്ട നിർമ്മാണം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് വന്ന ആഴ്ചകളിൽ കൃഷിയിടം ഒരുക്കൽ , വിത്ത് പാകൽ, വെള്ളം ഒഴിക്കൽ, കാട് പറിക്കൽ എന്നിവ ഒഴിവ് സമയം രാവിലെയും വൈകുന്നേരവും ചെയ്യുന്നു.

## ജലസംരക്ഷണ സംവിധാനങ്ങൾ

പ്രകൃതി രമണീയമെങ്കിലും ജലദൗർലഭ്യം നേരിടുന്ന പ്രദേശമാണ് ഈ സ്കൂളിന്റെ സാഹചര്യം. അതിനാൽ MLA ,MP ഫണ്ടും മാതാപിതാക്കളുടെ പൊതുപങ്കാളിത്തവും സ്വീകരിച്ചുകൊണ്ട് മഴവെള്ള സംഭരണി നിർമ്മിച്ചു. മഴക്കുഴി , പടുതാക്കുളം എന്നിവ കൂടുതലായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

## ലഹരി വിരുദ്ധ മനോഭാവപ്രവർത്തനങ്ങൾ

1. ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ സംജാതമാക്കാൻ ബോധവൽക്കരണ ക്ലാസുകൾ, സെമിനാർ എന്നിവ നടത്തുന്നു.
2. ഈ വിഷയത്തിൽ മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ , സെമിനാർ എന്നിവ നടത്തുന്നു.
3. മദ്യപാനികളായ രക്ഷകർത്താക്കൾക്ക് കൗൺസിലിങ്ങ് സൗകര്യം നൽകുന്നു.
4. കുട്ടികൾക്ക് ലഹരി വിരുദ്ധ മനോഭാവത്തിന്റെ സന്ദേശം നൽകുന്ന പോസ്റ്റർ നിർമ്മാണം.
5. ലഹരിയ്ക്ക് എതിരെ എന്ന പ്രവർത്തനം പ്രോത്സാഹിപ്പിക്കുക.

## പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പസ്

വാഗമണ്ണിന്റെ വശ്യഭംഗിയിൽ ആകൃഷ്ടരായി അനേകമാളുകൾ ദിവസവും എത്തുന്ന പ്രദേശമാണ് ഇവിടം. അതിനാൽ പ്ലാസ്റ്റിക് കവറുകളും കുപ്പികളും വഴിയോരങ്ങളിൽ സുലഭമാകുന്നു. ഇതിനെതിരെ Clean Campus and Clean School എന്ന ആശയം പ്രചരിപ്പിക്കുന്ന വിധത്തിൽ പോസ്റ്റർ നിർമ്മിക്കുകയും Scout and Guides ന്റെ നേതൃത്വത്തിൽ Dry Day ആചരണം നടത്തുകയും ചെയ്യുക.

## കൗൺസിലിംഗ്

ധാർമ്മികവും , ലൈംഗികവും , ബൗദ്ധികവും , ആത്മീയവുമായ നിലവാരത്തിൽ കുട്ടികളെ എത്തിക്കാൻ അവർക്ക് അനുഭവജ്ഞാനവും ഈ രംഗത്ത് പ്രാവീണ്യവും ഉള്ളവരെ കൗൺസിലിങ്ങിനായി നിയോഗിക്കുന്നു. ആവശ്യമെങ്കിൽ Family Counselling , Follow up എന്നിവ നൽകുന്നു.

## ഉപസംഹാരം

കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് പുത്തനുണർവ്വ് പകർന്നുകൊണ്ട് പൊതുവദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നേറുകയാണ്. അക്കാദമികവും ഭൗതികവുമായ മേഖലകളിൽ മുമ്പെങ്ങുമില്ലാത്ത മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഓരോ വിദ്യാർഥിയുടെയും നൈസർഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത് അവരെ മികവിലേയ്ക്കുയർത്താൻ സാധിച്ചാലേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണ്ണമാകൂ.

ഒരു നാടിന്റെ വികസനത്തിൽ വിദ്യാലയത്തിനുള്ള പങ്ക് വളരെ വലുതാണ്. ദേശസ്നേഹമുള്ള വിദ്യാസമ്പന്നരായ ഒരു പുതു തലമുറയാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും കൂട്ടായ പരിശ്രമം അത്യന്താപേക്ഷിതമാണ്. ഇതിനായിട്ടുള്ള പ്രവർത്തനങ്ങൾ സമയ ബന്ധിതമായി രൂപകല്പന ചെയ്ത് നടപ്പിലാക്കികൊണ്ട് ഈ വിദ്യാലയത്തിന്റെയും കുട്ടികളുടെയും നാടിന്റെയും സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കാനുള്ള ഒരു സംരംഭമാണ് ഇവിടെ ചെയ്തിരിക്കുന്നത്. കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലുള്ള സമഗ്രമായ വളർച്ച ലക്ഷ്യം വച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്.

## അവസ്ഥാപഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ

### പാഠ്യപദ്ധതി വിനിമയം

ഭാഷ

| മേഖല - വായന | UP | HS |
|---|---|---|
| ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | 60% | 80% |
| അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | 35% | 15% |
| വായിക്കാൻ ശ്രമിക്കുന്നു | 5% | 5% |

ഗണിതം

| മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | UP | HS |
|---|---|---|
| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു | 50% | 60% |
| അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | 40% | 35% |
| പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു | 10% | 5% |

ശാസ്ത്രം

| മേഖല- പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | UP | HS |
|---|---|---|
| സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപക രണങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനങ്ങളിലെത്തുന്നു | 50% | 80% |
| പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു ശരിയായ നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല | 5% | 5% |
| അധ്യാപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു | 45% | 15% |

സാമൂഹ്യശാസ്ത്രം

| മേഖല -ചരിത്രാന്വേഷണം | UP | HS |
|---|---|---|
| ചരിത്രാന്വേഷണവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ദത്തങ്ങൾ സ്വയം ശേഖരിച്ച് അപഗ്രഥിച്ച് നിഗമനത്തിലെത്തി ചരിത്രരചന പൂർത്തിയാക്കുന്നു | 60% | 70% |
| ദത്തങ്ങൾ ശേഖരിക്കുന്നു,പൂർണമായി അപഗ്രഥിച്ച് ചരിത്രരചന ഭാഗികമായി നടത്തുന്നു | 30% | 25% |
| അധ്യാപികയുടെ സഹായത്തോടെ ചരിത്രരചന നിർവഹിക്കുന്നു | 10% | 5% |

**പഠനാന്തരീക്ഷം**

മെച്ചപ്പെട്ട പഠനത്തിന് അനുയോജ്യമായ സജ്ജീകൃതമായ ക്ലാസ്സ്മുറികൾ ,പഠനോപകരണങ്ങൾ, കളിസ്ഥലം, കളിയുപകരണങ്ങൾ, ആധുനികസാങ്കേതികവിദ്യയുടെ ലഭ്യത, ലൈബ്രറി, ലബോറട്ടറി ,ജൈവവൈവിധ്യഉദ്യാനം, എന്നിവ സ്കൂളിൽ സജ്ജീകരിച്ചിരിക്കുന്നു.ആരോഗ്യകരമായ അധ്യാപക-വിദാർത്ഥി ബന്ധം, അവസരസമത്വം, ലിംഗസമത്വം, എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം സ്കൂളുകളിൽ നിലനിർത്തുന്നുന്നു.സ്കൂൾപാർലമെന്റ്, സ്കൗട്ട് ആന്റ് ഗൈഡ്, ജെ.ആർ.സി, തുടങ്ങിയ സന്നദ്ധസംഘടനയുടെ പ്രവർത്തനം സ്കൂളിൽ സജീവമാണ്.

**അധ്യാപകർ**

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നു .സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം, പഠനസാമഗ്രികളുടെ ലഭ്യത, ദൈനംദിനാസൂത്രണം സമഗ്രാസൂത്രണം, അധ്യാപകരക്ഷാകർത്തൃബന്ധം എന്നിവ അധ്യാപകർക്ക് പഠനപ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നതിന് വളരെ പ്രയോജനകരമാണ്.

**ഭൗതികസാഹചര്യം**

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ പരിസ്ഥിതിസൗഹൃദ -വിദ്യാർത്ഥിസഹൃദ സകൂൾ-ക്ലാസ്സ് അന്തരീക്ഷം,വിവിധവിഷയങ്ങളുമായി ബന്ധപ്പെട്ട ലബോട്ടറികൾ,ഓരോ കാസ്സിനും അനുയോജ്യമായ ലൈബ്രറികൾ,കളിസ്ഥലം,കളിയുപകരണങ്ങൾ,മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്ലിടൊയ്ലററുകൾ , ശുദ്ധജല ലഭ്യത, ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണംചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഗതാഗതസൗകര്യം എന്നി ഭൗതികസാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ട്.

പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പിന്തുണ നമ്മുടെ വിദ്യാലയത്തിന് ലഭിക്കുന്നുണ്ട്.

## പ്രശ്നവിശകലനവും ആസൂത്രണവും

കണ്ടെത്തിയ പ്രശ്നങ്ങളുടെയും കാരണങ്ങളുടെയും സൂക്ഷ്മവിശകലനത്തിന്റെ അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ പരിഹാരം SPOKEN ENGLISH CLASS കൂടി ആരംഭിക്കുക എന്നതാണ്.അതുപോലെതന്നെ കുട്ടികളുടെ .പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് അവധിദിവസങ്ങളിൽ പ്രത്യേക പരിശീലനം നല്കുന്നതിനുള്ള ആസൂത്രണം നടത്തി.

## പ്രവർത്തനകലണ്ടർ

| മേഖല | പ്രവർത്തനം | കാലം | സാമ്പത്തികം |
|---|---|---|---|
| പാഠ്യപദ്ധതിവിനിമയം | .* പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കുന്നു.<br>*Spoken English Class | ആഴ്ചയിൽ രണ്ട്<br>ആഴ്ചയിൽ ഒന്ന് | മാനേജ്മെന്റ്,പി.ടി.എ. |
| ഭൗതികസാഹചര്യം | സ്പോർട്സ് ഉപകരണങ്ങൾ,ലാബ്,ലൈബ്രറി സൗകര്യങ്ങൾ വികസിപ്പിക്കൽ. | ഒരു വർഷത്തിനകം, രണ്ടു വർഷത്തിനകം | മാനേജ്മെന്റ്,പി.ടി.എ. |

# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

| | മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ | 1. ഇംഗ്ലീഷ് അസംബ്ലി<br>2. ഇംഗ്ലീഷ് ഡയറി<br>3. ഇംഗ്ലീഷ് ഗ്രാമർ പഠനം<br>4. ഇംഗ്ലീഷ് തിയറ്റർ<br>5. ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ്<br>6. ഇംഗ്ലീഷ് ഫെസ്റ്റ്<br>7. ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യൽ<br>8. ഇംഗ്ലീഷ് കോർണർ: വായന<br>9. ഇംഗ്ലീഷിൽ ദിനാചരണം<br>10. ഇംഗ്ലീഷിൽ സർഗവേള | ആഴ്ചയിൽ1<br>മാസത്തിൽ1<br>മാസത്തിൽ1<br>മാസത്തിൽ1<br>മാസത്തിൽ1<br>വർഷത്തിൽ1<br>മാസത്തിൽ1<br>3 ആഴ്ചയിൽ1<br>വർഷത്തിൽ3<br>മാസത്തിൽ1 | ഇംഗ്ലീഷ് ടീച്ചർ |
| 2 | മലയാള ഭാഷ | 1. മലയാളത്തിൽ അസംബ്ലി<br>2. ദിനാചരണം<br>3. ഗ്രന്ഥശാലശക്തീകരണം<br>4. നാടകക്കളരി<br>5. വായനമൂല<br>6. സർഗവേള<br>7. മലയാളം ഡയറി<br>8. ബുള്ളറ്റിൻ ബോർഡ്<br>9. കൈയ്യെഴുത്ത് മാസിക | ആഴ്ചയിൽ1<br>വർഷത്തിൽ5<br>വർഷത്തിൽ1<br>വർഷത്തിൽ1<br>3 ആഴ്ചയിൽ1<br>2 ആഴ്ചയിൽ1<br>മാസത്തിൽ1<br>മാസത്തിൽ1<br>വർഷത്തിൽ1 | മലയാളം ടീച്ചർ |
| 3 | ഹിന്ദി ഭാഷ | 1. ഹിന്ദിയിൽ അസംബ്ലി<br>2. ഹിന്ദി ഡയറി<br>3. ഹിന്ദി വായന<br>4. ഹിന്ദിയിൽ ദിനാചരണം<br>5. ബുള്ളറ്റിൻ ബോർഡ്<br>6. സർഗവേള<br>7. കഥ ബാക്കി എഴുതൽ<br>8. അക്ഷരകാർഡ് | 2 ആഴ്ചയിൽ1<br>മാസത്തിൽ1<br>3 ആഴ്ചയിൽ1<br>വർഷത്തിൽ3<br>3 മാസത്തിൽ1<br>3 ആഴ്ചയിൽ1<br>മാസത്തിൽ1<br>മാസത്തിൽ1 | ഹിന്ദി ടീച്ചർ |

| | | | | |
|---|---|---|---|---|
| 4 | ഗണിതം | 1. ഗണിതലാബ് സജ്ജീകരിക്കൽ<br>2. കൈയ്യെഴുത്ത് മാസിക<br>3. ഗണിത പാർക്ക്<br>4. ഗണിത ലാബ്<br>5. സംഖ്യാകാർഡുകൾ<br>6. എക്സിബിഷൻ<br>7. ഗണിത ശില്പശാല<br>8. ഗണിത ക്ലബ് | വർഷത്തിൽ 1<br>വർഷത്തിൽ 1<br>വർഷത്തിൽ 1<br>മാസത്തിൽ 1<br>മാസത്തിൽ 1<br>വർഷത്തിൽ 1<br>വർഷത്തിൽ 1<br>വർഷത്തിൽ 1 | ഗണിത ടീച്ചർ |
| 5 | ശാസ്ത്രം | 1. ശാസ്ത്ര പോഷണപരിപാടി<br>2. പ്രതിഭാ പോഷണപരിപാടി<br>3. ശാസ്ത്രമേള<br>4. ശാസ്ത്രലാബ്<br>5. എക്സിബിഷൻ<br>6. ഗവേഷണപ്രോജക്ടുകൾ<br>7. ദിനാചരണം<br>8. ഡിസ്പ്ലേബോർഡ്<br>9. ശാസ്ത്രയാത്രകൾ<br>10. ശാസ്ത്രമാസിക | വർഷാരംഭത്തിൽ<br>അവധിദിവസങ്ങളിൽ<br>വർഷത്തിൽ 1<br>മാസത്തിൽ 1<br>വർഷത്തിൽ 1<br>വർഷത്തിൽ 1<br>നിർദിഷ്ട ദിനത്തിൽ<br>2 മാസത്തിൽ 1<br>വർഷത്തിൽ 1<br>വർഷത്തിൽ 1 | ശാസ്ത്ര ടീച്ചർ |
| 6 | സാമൂഹ്യ ശാസ്ത്രം | 1. സാമൂഹ്യ ശാസ്ത്രലാബ്<br>2. പഠനയാത്ര<br>3. മോക്ക്പാർലമെന്റ്<br>4. സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ<br>5. ബുള്ളറ്റിൻ ബോർഡ്<br>6. ചരിത്രകലണ്ടർ<br>7. ദിനാചരണം<br>8. ഭൂപടനിർമ്മാണം<br>9. ചോദ്യോത്തരവേള | മാസത്തിൽ 1<br>വർഷത്തിൽ 1<br>വർഷത്തിൽ 1<br>മാസത്തിൽ 1<br>3 മാസത്തിൽ 1<br>അതാതുദിനത്തിൽ<br>നിർദിഷ്ട ദിനത്തിൽ<br>വർഷത്തിൽ 1<br>മാസത്തിൽ 1 | സാമൂഹ്യ ശാസ്ത്ര ടീച്ചർ |

| | | | | |
|---|---|---|---|---|
| 7 | കലാ വിദ്യാഭ്യാസം | 1. കലാമണ്ഡപം<br>2. ചിത്രരചനക്കളരി | മാസത്തിൽ 1<br>മാസത്തിൽ 1 | നിയോഗിക്കപ്പെട്ട ടീച്ചർ |
| 8 | കായിക വിദ്യാഭ്യാസം | 1. കായിക പരിശീലനം<br>( ഫുഡ്ബോൾ ,ഹോക്കി ,ബാഡ്മിന്റൻ) | ആഴ്ചയിൽ3 | നിയോഗിക്കപ്പെട്ട ടീച്ചർ |
| 9 | പച്ചക്കറിത്തോട്ടം | പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | 3 മാസത്തിൽ 1 | ശാസ്ത്ര ടീച്ചർ |
| 10 | ജൈവവൈവിധ്യ പാർക്ക് | ജൈവവൈവിധ്യപാർക്കിന്റെ വിപുലീകരണം | വർഷത്തിൽ1 | ഹെഡ്മിസ്ട്രസ് |

# വാർഷിക കലണ്ടർ 2025-26

| തിയതി | പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| 2/ 6 | സ്കൂൾ പ്രവേശനോത്സവം | നവാഗതർക്ക് സ്വീകരണം<br>ക്ലാസ് ആരംഭം |
| 5 /6 | ലോകപരിസ്ഥിതി ദിനം | മരത്തൈ നടീൽ,<br>മരത്തൈ വിതരണം, സെമിനാർ, ക്വിസ് മത്സരം |
| 10/06 | GENERAL PTA | ബോധവത്ക്കരണ ക്ലാസ്സ്, PTA Election |
| 16/ 6 | പാസ്ക്കര ദിനം | അസംബ്ളി പ്രസംഗം |
| 16/6 | ലോകസമുദ്ര ദിനം | അസംബ്ളി, ബോധവത്ക്കരണ ക്ലാസ്സ് |
| 18/6 | അയ്യങ്കാളി ദിനം | അസംബ്ളി, പ്രസംഗം |
| 18/ 6 | MERIT DAY | MEETING |
| 19/06 | വായനാ ദിനം<br>പാസ്ക്കൽ ദിനം | വായന മത്സരം<br>പുസ്തക വിതരണം , പുസ്തക പ്രദർശനം<br>ക്വിസ് മത്സരം |
| 20/ 6 | യോഗാ ദിനം | യോഗ ക്ലാസ്സ്,<br>ദിനാചരണം, പ്രസംഗം |
| 24/06 | MERIT DAY, Golden Jubilee Inauguration | MEETING |

| | | |
|---|---|---|
| 26/06 | ലോക മയക്കുമരുന്നു ദിനം | സെമിനാർ , പോസ്റ്റർ നിർമ്മാണം |
| 5/7 | ബഷീർ ദിനം | ക്വിസ് മത്സരം |
| 10/ 7 | പ്രതിഭോത്സവം | ക്വിസ് മത്സരം |
| 11/ 7 | ലോകജനസംഖ്യ ദിനം | അസംബ്ളി , പ്രസംഗം, പോസ്റ്റർ നിർമ്മാണം |
| 22/7 | ചാന്ദ്ര ദിനം | ക്വിസ് മത്സരം |
| 26 /7 | കാർഗിൽ ദിനം | അസംബ്ളിയിൽ അനുസ്മരണം. |
| 28/07<br>01/08 | MID -TERM EXAMINATION | പരീക്ഷ നടത്തുന്നു. |
| 07/ 8-<br>08/ 8 | സെൻറ് തോമസ് ഫെസ്റ്റ് | കലാമത്സരങ്ങൾ നടത്തുന്നു. |
| 7/8 | ഹിരോഷിമാദിനം | അസംബ്ളി, പ്രസംഗം<br>പ്ലാക്കാട് നിർമ്മാണം. |
| 9/ 8 | ക്വിറ്റ് ഇന്ത്യ ദിനം<br>നാഗസാക്കി ദിനം | അസംബ്ളി , പ്രസംഗം<br>പോസ്റ്റർ നിർമ്മാണം |
| 11/08 | Class PTA | PTA സമ്മേളനം. |
| 13/08<br>14/08 | SPORTS DAY | കായികമത്സരം<br>നടത്തുന്നു. |
| 15 /8 | സ്വാതന്ത്ര്യദിനം | പതാക ഉയർത്തൽ<br>പൊതുസമ്മേളനം<br>മധുരപലഹാര വിതരണം |

| | | |
|---|---|---|
| 18/ 8 | കേരള കർഷകദിനം | പച്ചക്കറിത്തോട്ട നിർമ്മാണം. |
| 18/8<br>29/ 8 | ഒന്നാം പാദവാർഷിക<br>പരീക്ഷ | പരീക്ഷ നടത്തുന്നു. |
| 30/8 | ഓണാഘോഷം. | വിവിധ കലാപരിപാടികൾ<br>നടത്തുന്നു. |
| 08/09 | അധ്യാപകദിനം | അധ്യാപകരെ ആദരിക്കൽ ,<br>പൊതുസമ്മേളനം |
| 23/ 9 | ഓസോൺ ദിനം | അസംബ്ലിയിൽ സന്ദേശം<br>പോസ്റ്റർ നിർമ്മാണം<br>ക്വിസ് മത്സരം |
| 29 /9 | CLASS PTA | PTA സമ്മേളനം. |
| 2/10 | ഗാന്ധി ജയന്തി | വിവിധ കലാ മത്സരം<br>നടത്തുന്നു. |
| 9-10/10 | ധ്യാനം | ധ്യാനം നടത്തുന്നു. |
| 17 /10 | പ്രവർത്തിപരിചയ മത്സരം | പ്രവർത്തിപരിചയ മത്സരം<br>നടത്തുന്നു. |
| 24 /10 | ഐക്യരാഷ്ട്ര ദിനം | ക്വിസ് മത്സരം |
| 1/ 11 | കേരളപിറവി ദിനം | ക്വിസ് മത്സരം നടത്തുന്നു. |
| 3-7/11 | MID-TERM EXAM | പരീക്ഷ നടത്തുന്നു. |
| 7 /11 | സി.വി രാമൻ ദിനം | ഉപന്യാസമത്സരം |
| 14 /11 | ശിശു ദിനം | അസംബ്ലി, പ്രസംഗം, നെഹ്റു-മത്സരം,<br>മധുരപലഹാരവിതരണം |
| 20 /11 | CLASS PTA | PTA സമ്മേളനം |

| | | |
|---|---|---|
| 3 / 12 | ഭിന്നശേഷി ദിനം | അസംബ്ലി , സന്ദേശം |
| 10/ 12-20 | രണ്ടാം പാദവാർഷിക പരീക്ഷ | പരീക്ഷ നടത്തുന്നു. |
| 7/ 1 | CLASS PTA | PTA നടത്തുന്നു. SRG യോഗം |
| 15/1 | ANNUAL DAY | ANNUAL DAY CELEBRATIONS |
| 26/ 1 | റിപ്പബ്ളിക്ക് ദിനം | പതാക ഉയർത്തൽ, സന്ദേശം. മധുരപലഹാര വിതരണം. |
| 30/ 1 | ഗാന്ധിജിയുടെ രക്തസാക്ഷിത്വ ദിനം | അസംബ്ലിയിൽ അനുസ്മരണം |
| 4/ 2 | ലോക ക്യാൻസർ ദിനം | അസംബ്ലിയിൽ പ്രസംഗം. കുട്ടികൾക്ക് ക്യൻസറിനെക്കുറിച്ച് ബോധവൽക്കരണം നൽകുന്നു. |
| 28/ 2 | ദേശീയ ശസ്ത്രദിനം | ICT സാധ്യത ഉപയോഗിച്ച് ശാസ്ത്ര മേഖലയിലെ പുതിയ കണ്ടുപിടു ത്തങ്ങൾ അവതരിപ്പിക്കുന്നു. |
| മാർച്ച് | വാർഷികപരീക്ഷ | പരീക്ഷ നടത്തുന്നു. |